കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# മുഹമ്മ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി-4-1524/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.4/1/2017
ഫോൺ-0477-2252753
ഇമെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഹമ്മ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************************

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി4-1524/2016 തീയ്യതി: 4/1 /2017

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2015 മുതൽ 30.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.12.2016മുതൽ 20.12.2016 വരെ | ശ്രീ. സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീകെ.എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.എം.റോയി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |

**(ബി)**നിർവ്വഹണാധികാരികൾ

**1)** പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. ദീപാ അജിത് കുമാർ | 01.04.2015 മുതൽ 30.09.2015 വരെ |
| 2 | ശ്രീ. ജെ.ജയലാൽ | 1.10.15 മുതൽ 11.11.2015വരെ ഭരണ നിർവ്വഹണ കമ്മറ്റി |
| | | 12.11.2015 മുതൽ 31.3.2016വരെ |

**2)** സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. ശ്രീജ | 01.04.2015മുതൽ 21.07.2015 വരെ |

| | | |
|---|---|---|
| 2 | ശ്രീ. മുരളീധരൻ.എസ് | 22.07.2015മുതൽ 15.11.2015 വരെ |
| 3 | ശ്രീ. ഗോപിനാഥൻ | 16.11.2015മുതൽ 29.12.2015 വരെ |
| 4 | ശ്രീ. അനിൽകുമാർ.പി.കെ അസി. സെക്രട്ടറി ഇൻ ചാർജ്ജ് | 30.12.2015മുതൽ 3.01.2016 വരെ |
| 5 | ശ്രീ. രാധാകൃഷ്ണകുറുപ്പ്, അസി. സെക്രട്ടറി ഇൻ ചാർജ്ജ് | 04.01.2016മുതൽ 09.02.2016 വരെ |
| 6 | ശ്രീമതി. എസ്.അംബിക | 10.02.2016മുതൽ 31.03.2016 വരെ |

**3)** സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | അഡ്വ.ജെയിംസ് ചാക്കോ | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീമതി. മായാ മാത്യു | 12.11.2015മുതൽ 31.3.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഷീല ഉദയൻ | 01.04.2015മുതൽ 30.09.2015 വരെ |
| | | ശ്രീ. ഡി. സതീശൻ | 12.11.2015മുതൽ 31.3.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.എൻ.റ്റി. റജി | 01.04.2015മുതൽ 30.09.2015 വരെ |
| | | ശ്രീമതി. സിന്ധു രാജീവ് | 12.11.2015മുതൽ 31.3.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | എൽ. പത്മിനി | 01.04.2015മുതൽ 30.09.2015 വരെ |
| | | ശ്രീ.ഡി.ബി.ഷാജി | 12.11.2015മുതൽ 31.3.2016 വരെ |

**4)** മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ജൂലി ലൂക്ക് | 01.04.2015മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.കെ.ജി. രാജു | 01.04.2015മുതൽ 31.03.2016 |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗിരിജാദേവി | 01.04.2015മുതൽ 27.8 .15 വരെ |
| | | ശ്രീമതി.ലേജ.ടി.സി | 28.8.15 മുതൽ 31.3.16വരെ |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജെ.ശ്രീകുമാർ | 01.04.2015മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ഡോൺ ബോസ്കോ | 01.04.2015മുതൽ 29.02.2016 വരെ |
| | | ഡോ. ശ്രീദേവി | 1.3.16 മുതൽ 31.3.16 വരെ |
| 6 | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ബെന്നി വില്യം | 01.04.2015മുതൽ 31.03.2016 വരെ |
| 7 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി.ജ്യോതികല | 01.04.2015മുതൽ 31.03.2016 |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.മായാദേവി. പി.ആർ | 01.04.2015മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജലീൽ.എസ്. (മുഹമ്മ) | 01.04.2015മുതൽ 31.03.2016 വരെ |
| | | ശ്രീ.പ്രദീപ്കുമാർ (കായിപ്പുറം) | 01.04.2015മുതൽ 31.03.2016 |
| 10 | അസി.സെക്രട്ടറി | ശ്രീ.പി.എസ്. രാമചന്ദ്രൻ | 01.04.2015മുതൽ 4.11.2015 വരെ |
| | | ശ്രീ.അനിൽകുമാർ.പി.കെ | 05.11.2015മുതൽ 3.01.2016 വരെ |
| | | ശ്രീ.രാധാകൃഷ്ണകുറുപ്പ് | 04.01.2016മുതൽ 31.03.2016 വരെ |
| 11 | ഡെയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സലില | 01.04.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം **2** | |
| 2 | വസ്തു നികുതി ഈടാക്കുന്നതിലെ അപാകത. | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 4 | പരസ്യനികുതി -രേഖകൾ ഹാജരാക്കിയില്ല | 2-3 |
| 5 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം -- നടപടിക്രമങ്ങൾ പാലിച്ചില്ല പഞ്ചായത്തിന് വരുമാനചോർച്ച | 2-4 |

| | | |
|---|---|---|
| 6 | ഓഡിറ്റ് ഇംപാക്ട് | 2-5 |
| | ഭാഗം **3** | |
| 7 | പ്രോജക്ടിനായി പിൻവലിച്ച പണം ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നു. | 3-1 |
| 8 | പാലിയേറ്റീവ് പരിചരണ പദ്ധതി --- വാഹന വാടകയിനത്തിൽ കൂടുതൽ തുക ചെലവഴിച്ചു. | 3-2 |
| 9 | ഔഷധിയിൽ നിന്നും കൂടിയ നിരക്കിൽ മരുന്നു വാങ്ങി. | 3-3 |
| 10 | അതുല്യം പദ്ധതി -നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അധികം തുക ചെലവഴിച്ചു | 3-4 |
| 11 | രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 12 | പഞ്ചായത്ത് ലൈബ്രറി തുറന്ന് പ്രവർത്തിക്കുന്നില്ല | 3-6 |
| 13 | നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്. | 3-7 |
| 14 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ ടാറിംഗ് വേലകൾ– ടാർ വില യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തിയില്ല. | 3-8 |
| 15 | നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്. | 3-9 |
| 16 | അംഗൻവാടികൾക്കായി വാങ്ങിയ കളിഉപകരണങ്ങൾ സ്ഥാപിക്കാത്തതു സംബന്ധിച്ച്. | 3-10 |
| 17 | ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിക്കാതെ തിരിച്ചടച്ചു. | 3-11 |
| 18 | സർക്കാർ അനുമതിയില്ലാതെ ഭക്ഷണവിതരണം | 3-12 |
| 19 | എസ്സ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം അപാകതകൾ | 3-13 |
| 20 | തെരുവ് വിളക്കുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നടത്തിപ്പ് കാര്യക്ഷമമല്ല. | 3-14 |
| 21 | മരുന്നുകൾ പൂർണ്ണമായി വിതരണം ചെയ്യാത്തത് സംബന്ധിച്ച് | 3-15 |
| 22 | ആവശ്യമായരേഖകൾ ഇല്ലാതെ ആനുകൂല്യം വിതരണം ചെയ്തു | 3-16 |
| 23 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ | 3-17 |
| | ഭാഗം **4** | |
| 24 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to |

| | | |
|---|---|---|
| | | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 122250953 | 119563353 |
| വാർഷിക കണക്ക് പ്രകാരം | 36217393 | 47996285 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 86033560/- രൂപയുടേയും ചെലവിൽ 71567068/- രൂപയുടേയും വ്യത്യാസമുണ്ട്.

യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-2** വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 26.07.16 |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27425910 |
| വരവ് | 36217393 |
| ആകെ | 63643303 |
| ചെലവ് | 47996285 |
| നീക്കിയിരിപ്പ് | 15647018 |

**1-5** ഫണ്ട് വിനിയോഗം **2015-16**

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കിട്ടിയ തുക | തൻവർഷ അലോട്ട് മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയ തുക | തിരിച്ച ടച്ചത് | നീക്കി യി രിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 (2+3+5) | 7 | 8 | 9 | 10 |
| വികസന ഫണ്ട് | 2876327 | 4667220 | 9314320 | 2949846 | 10493393 | 10493393 | 00 | -- | 00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | | | | |
| വികസന ഫണ്ട് എസ്.സി.പി. | 1253574 | -- | 3243574 | 2377293 | 3630867 | 2814293 | 816574 | -- | 00 |
| വികസന ഫണ്ട് ടി.എസ്.പി. | 26020 | -- | 128220 | 70570 | 96590 | 77370 | 19220 | -- | 00 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1050570 | -- | 2498610 | 2498610 | 3549180 | 3345651 | * | -- | 00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1532008 | -- | 1985239 | 1985239 | 3517247 | 3517247 | -203520 | -- | 00 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3100390 | -- | 6510359 | 6630677 ** | 9731067 | 7997267 | 1733800 | -120318 | 00 |
| പെർഫോമൻസ് ഗ്രാന്റ് | 3174921 | -- | 2097626 | 1013965 | 4188886 | 2091260 | 2097626 | -- | |
| എം.എൻ.ആർ. ഇ. ജി. എസ്. | 120501 | -- | -- | 23207497 | 23327998 | 23321944 | -- | -- | 6054 |
| ബി ഫണ്ട് | 00 | 00 | - | 20752690 | 20752690 | 20752690 | -- | -- | 00 |

*സംരക്ഷണ ഗ്രാന്റ് റോഡ് ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന 203520 രൂപ സംരക്ഷണ ഗ്രാന്റ് നോൺറോഡ് ഇനത്തിൽ അധികം ചെലവഴിച്ചു. തന്മൂലം ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല.

**ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ തൻ വർഷത്തെ അലോട്ട്മെന്റിനേക്കാൾ 120318 രൂപ അധികം പിൻവലിച്ചിട്ടുണ്ട്.

**1-6**പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 163 | 47597238 | 147 | 34389119 | | 16 | 72.0665.13 |

**1-7** തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4388822 | 4770470 | 381648 | +8.7% |
| നികുതിയേതര വരവുകൾ | 676816 | 509635 | -167181 | -24.7% |
| മറ്റ് വരവുകൾ | 228587 | 269657 | 41070 | +17.9% |
| ആകെ | **5294225** | **5549762** | **-255537** | (+) **4.8%** |

**1-8** ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 990360 | 630 |
| കർഷകതൊഴിലാളി പെൻഷൻ | 1709880 | 336 |
| വിധവാപെൻഷൻ | 6846400 | 808 |
| വാർദ്ധക്യകാലപെൻഷൻ | 6737730 | 1954 |
| വികലാംഗപെൻഷൻ | 3319180 | 385 |
| അവിവാഹിതപെൻഷൻ | 917880 | 93 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 210000 | 7 |

**1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന14.12.2016 ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5457/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10** ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്.കൂടാതെ ബിൽ കളക്ടർമാർ രസീതുപയോഗിച്ച് പിരിക്കുന്ന പണം കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് ഒടുക്ക് വരുത്തുന്നതിന് മുമ്പ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ പരിശോധിച്ച് തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നില്ല. പഞ്ചായത്ത് ജീവനക്കാരെല്ലാം തന്നെ തൊഴിൽ നികുതി ഒടുക്കുന്നുണ്ട് എന്നതും പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/10/2016 | 09/16 | 30.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2016 | 2010-11 മുതൽ 2014-15വരെ | 04.04.16 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

1.വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് -രേഖകൾ ഹാജരാക്കിയിട്ടില്ല.

02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 242/2013ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാരുടെ വീടിന് തറ വിസ്തീർണ്ണം 2000ച.അടിയിൽ കവിയാത്തവയ്ക്ക് മാത്രമേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന സാക്ഷ്യ പത്രം വാങ്ങേണ്ടതും വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം മുദ്ര വച്ച് നൽകേണ്ടതുമാണ്. കൂടാതെ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പഞ്ചായത്തിൽ സമർപ്പിക്കണം. എന്നാൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്തിൽ വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിലും ഇവരിൽ നിന്നും അപേക്ഷ സ്വീകരിക്കുകയോ നികുതി ഇളവ് സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.ഇളവ് നൽകിയിട്ടുള്ള വിമുക്തഭടന്മാരുടെ പേര് വിവരം, കെട്ടിടത്തിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 9/17-12-16 നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച എല്ലാ രേഖകളും വിശദീകരണം സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2.മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് പരമാവധി 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം പഞ്ചായത്ത് പരിധിയിൽ 2005 മുതൽ പ്രവർത്തിച്ചുവരുന്ന 9/74/13നം റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് എന്ന ടവറിൽ നിന്നും നാളിതുവരെയായി നികുതി പിരിച്ചെടുത്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം.9/17-12-16) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവരിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.അൺ-എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി

12.04.2012ലെ 49590/ആർ.സി 2/2011 സർക്കുലർ പ്രകാരം 14.01.11 മുതൽ അൺ -എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാർമൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മേൽ സർക്കുലർ പ്രകാരം വസ്തുനികുതി ഈടാക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ വസ്തുനികുതി തിട്ടപ്പെടുത്തി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-ഈടാക്കിയിട്ടില്ല.

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻറ് ആയിരുന്ന ശ്രീ മനുവിന്റെ 2015-16 ലെ I$^{st}$ അർദ്ധവർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയായ 450/-രൂപ ഈടാക്കിയിട്ടില്ല. ടിയാൻ സ്ഥലം മാറിപ്പോയതിനാൽ നോട്ടീസ് നല്കി ടി തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന റേഷൻ കടകൾ, അബ്കാരി ഷോപ്പുകൾ എന്നിവയിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. മേൽ തുകകൾ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 പരസ്യനികുതി -രേഖകൾ ഹാജരാക്കിയില്ല

ആലപ്പുഴ തണ്ണീർമുക്കം റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ ധാരാളം പരസ്യ ബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം പരസ്യനികുതി ഇനത്തിൽ 1000/- രൂപ വരവുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈയിനത്തിൽ ധനകാര്യ പത്രിക പ്രകാരം വരവ് വന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്( നം.23/19-12-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 2-4 ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം -- നടപടിക്രമങ്ങൾ പാലിച്ചില്ല, പഞ്ചായത്തിന് വരുമാനചോർച്ച.

16.3.2015ൽ നടന്ന ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ പങ്കെടുത്ത മൂന്നുപേരിൽ ഉയർന്ന തുക (40650 രൂപ) വിളിച്ച ശ്രീനിവാസൻ വലിയവീട് എന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയുണ്ടായി. എന്നാൽ ബസ് സ്റ്റാന്റിൽ പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്നും കൂടിയ നിരക്കിൽ ഫീസ് പിരിക്കുവാൻ അനുവദിക്കണമെന്നും അല്ലാത്തപക്ഷം തന്നെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ 24.3.2015ൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയതിനെ തുടർന്ന് ടിയാനെ ഒഴിവാക്കുകയും പഞ്ചായത്ത് നേരിട്ട് ഫീസ് പിരിവ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ബസ് സ്റ്റാന്റിൽ നിന്നും ദിവസേന ഫീസ് പിരിച്ച് അതാത് ദിവസം പഞ്ചായത്ത് ഓഫീസിൽ ഒടുക്കുന്നതിന് ക്വട്ടേഷൻ പ്രകാരം ശ്രീമതി ആശ മാടത്തുങ്കൽ എന്നയാളെ തെരഞ്ഞെടുക്കുകയും ടിയാൾക്ക് പ്രതിമാസം 750 രൂപ വേതനം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലേല നടപടികളിൽ പങ്കെടുക്കുകയും ഉയർന്ന തുക വിളിച്ച് ലേലം ഉറപ്പിക്കുകയും ചെയ്തശേഷം പിൻമാറിയ ശ്രീനിവാസനെതിരെ യതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടിയാൻ പിൻമാറിയ സാഹചര്യത്തിൽ രണ്ടാമത്തെ ഉയർന്ന തുക (40580രൂപ) വിളിച്ച ടി.ബി. ഇക്ബാൽ തൈക്കൂട്ടത്തിൽ എന്നയാൾക്ക് ലേലം ഉറപ്പിച്ച് കൊടുക്കുന്നതിന് യാതൊരുവിധ കൂടിയാലോചനകളും നടത്തിയതായി കാണുന്നില്ല. കൂടാതെ പുനർലേലം നടത്തുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ലേലത്തിൽ പങ്കെടുത്ത മറ്റ് രണ്ടുപേരും ലേലം കൊള്ളാൻ സാധിക്കുകയില്ലായെന്ന് അറിയിച്ചുവെന്നും 15.5.2015, 2.6.2015 തീയതികളിൽ പുനർലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല എന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/19-12-16) മറുപടി നൽകിയത്. എന്നാൽ ഇതുസംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബസ് സ്റ്റാന്റ് ഫീസ് പിരിവ് ക്വട്ടേഷൻ മുഖേന ഏറ്റെടുത്ത ആശ മാടത്തുങ്കൽ 15.6.2015 മുതൽ 31.3.2016വരെ ആകെ 19,250 രൂപ മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ടിയാരിയ്ക്ക്

വേതനമിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക കൂടി പരിഗണിക്കുമ്പോൾ കേവലം നാമമാത്രമായ തുകയാണ് പഞ്ചായത്തിന് തൻവർഷം വരവായി ലഭിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ഓഡിറ്റ് ഇംപാക്ട്

രസീത് ബുക്ക് നം 21194, 21190 എന്നിവ പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയപ്പോൾ കുറവ് വന്ന 3116/-രൂപ,17-12-2016 ലെ നം.13, 19-12-2016 ൽ നല്കിയ നം.21 ഓഡിറ്റ് എൻക്വയറികളെ തുടർന്ന് 20-12-2016ലെ രസീത് നം 1160110287,1160110287 എന്നിവ പ്രകാരം ഒടുക്കു വരുത്തി.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ടിനായി പിൻവലിച്ച പണം ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നു.

ആസാദ് മെമ്മോറിയൽ LPSഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾക്കായി പിൻവലിച്ച 646840 രൂപ പ്രധാന അദ്ധ്യാപികയുടെ പേരിൽ SBT മുഹമ്മ ബ്രാഞ്ചിൽ സ്കൂൾ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള 67083634160-ാം നമ്പർ അക്കൗണ്ടിൽ 31-3-16ൽ POCട്രാൻസ്ഫർ എന്ന പേരിൽ നിക്ഷേപിച്ചിട്ടുണ്ട്. 31/2/2016 വരെ പാസ് ബുക്കിലെ ബാലൻസ് 1789രൂപയായിരുന്നു. തുടർന്ന് മറ്റ് നിക്ഷേപങ്ങൾ ഒന്നും വന്നിട്ടില്ലെങ്കിൽകൂടി 12-5-16ൽ ബാങ്ക് ബാലൻസ് 112663രൂപയുണ്ട്. പ്രോജക്ട് നടത്തിപ്പിനായി പിൻവലിച്ച പണം ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്ന നടപടി ഗുരുതരമായ കൃത്യവിലോപമാണ്. ചെലവഴിക്കപ്പെടാത്ത വികസന ഫണ്ട്, പലിശ സഹിതം സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. തുക തിരികെ അടച്ച് വിവരം അറിയിക്കാത്തപക്ഷം അത് ഹെഡ്മിസ്ട്രസിന്റെ ബാധ്യതയായി നിർണ്ണയിക്കപ്പെടുന്നതാണ്.

## 3-2 പാലിയേറ്റീവ് പരിചരണ പദ്ധതി --- വാഹന വാടകയിനത്തിൽ കൂടുതൽ തുക ചെലവഴിച്ചു.

നിർവ്വഹണം --- മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ചെലവുവിവരം

1. 42774 രൂപ (ബിൽനം 2/2015-16/ 25.8.2015.)
2. 126230 രൂപ (ബിൽനം 9/2015-16/ 21.10.2015.)
3. 253254 രൂപ (ബിൽനം 13/2015-16/ 30.3.2016.)

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ (പ്രോജക്ട് നം- എസ് 0034/15) നടത്തിപ്പിലേക്കായി വികസനഫണ്ടിൽ നിന്നും ആകെ 4,47,758/- രൂപ ചെലവഴിച്ചിട്ടുണ്ട് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 , ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015 എന്നിവ പ്രകാരം ഓരോ ദിവസത്തേയും സന്ദർശനങ്ങൾ പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഗൃഹസന്ദർശന ദിവസങ്ങൾക്ക് മാത്രമാണ് വാഹനവാടക ഭക്ഷണചെലവ് എന്നിവയ്ക്കുമായി തുക ചെലവഴിക്കാവുന്നത്. പാലിയേറ്റീവ് നഴ്സ് സൂക്ഷിക്കുന്ന ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ പരിശോധിച്ചതിൽ, 2015 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ആകെ 82 ഗൃഹസന്ദർശനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതായി കാണുന്നത്. എന്നാൽ 108 ഗൃഹസന്ദർശനങ്ങൾ നടത്തിയതിന് പ്രതിദിനം 1500 രൂപ ക്രമത്തിൽ 1,62,000 രൂപ വാഹന വാടകയായി നൽകിയിട്ടുണ്ട്. ഇതുമൂലം 26 ഗൃഹസന്ദർശനങ്ങൾ 1500) രൂപ നിരക്കിൽ 39000 രൂപ അധികം നൽകിയിട്ടുണ്ട്. പിന്നിട്ടുള്ള മാസങ്ങളിൽ 2015ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയുടെ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) അടിസ്ഥാനത്തിൽ ദിവസവാടക 1100 രൂപയായി ചുരുക്കിയെങ്കിലും ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ എണ്ണം യാത്രകൾക്ക് വാഹനവാടക നൽകിയിട്ടുണ്ട്. 2015 നവംബർ മുതൽ 2016 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ആകെ 48 ഗൃഹസന്ദർശനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതായി കാണുന്നത്. എന്നാൽ 64 ഗൃഹസന്ദർശനങ്ങൾ നടത്തിയതിനാണ് വാഹന വാടക നൽകിയിരിക്കുന്നത്. ആയതിനാൽ 16 ഗൃഹസന്ദർശനങ്ങൾക്കായി 1100 രൂപ നിരക്കിൽ 17600 രൂപയും അധികം നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 16/19-12-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതയിൻമേൽ തൃപ്തികരമായ മറുപടി നൽകാത്തപക്ഷം അധികമായി ചെലവഴിച്ച തുക, വൗച്ചറുകൾ തയ്യാറാക്കിയ സെക്ഷൻ ക്ലാർക്ക്, മേൽനോട്ട ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ കർശനമായി രേഖപ്പെടുത്തേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ മാത്രം വാഹന വാടക, ഭക്ഷണം എന്നിവയ്ക്കായി തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 ഔഷധിയിൽ നിന്നും കൂടിയ നിരക്കിൽ മരുന്നു വാങ്ങി.

നിർവ്വഹണം --- മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

4,00,000 രൂപ (ബിൽനം 5/2015-16/ 23.9.2015.)

99,616 രൂപ (ബിൽനം 7/2015-16/ 8.9.2015.)

50,000 രൂപ (തനത് ഫണ്ട് ചെക്ക്നം 856807/ 8.9.2015.)

പാലിയേറ്റീവ് പരിചരണ പദ്ധതി (പ്രോജക്ട്നം 83/2016), ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ (പ്രോജക്ട്നം 23/2016) എന്നീ പദ്ധതികൾക്കായി 5,49,616 രൂപ ചെലവഴിച്ച് ഔഷധിയിൽ നിന്നും മരുന്ന വാങ്ങിയിട്ടുണ്ട്. ഇപ്രകാരം ഔഷധി സപ്ലൈ ചെയ്ത ചില മരുന്നുകൾക്ക് പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ കൂടുതലാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം | പ്രഫോർമ ഇൻവോയ്സിലെ വില | ബില്ലിലെ വില | വ്യത്യാസം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | മുറിവെണ്ണ 200ml | 120 | 67 | 72 | 5 | 600 |
| 2 | കർപ്പൂരാദി തൈലം 200ml | 120 | 63 | 73 | 10 | 1200 |
| 3 | നാൽപമരാദി തൈലം 200ml | 11 | 64 | 74 | 10 | 110 |
| 4 | മുറിവെണ്ണ 450ml | 42 | 144 | 159 | 15 | 630 |
| 5 | നാൽപമരാദി തൈലം 450ml | 18 | 141 | 162 | 21 | 378 |
| | ആകെ | | | | | 2918 |

പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/19-12-16) മറുപടി നൽകിയില്ല. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 2,918/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 അതുല്യം പദ്ധതി -നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അധികം തുക ചെലവഴിച്ചു

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുകഎന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച അതുല്യം പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴജില്ലാ സാക്ഷരതാമിഷൻ പുറപ്പെടുവിച്ചിട്ടുള്ള ധനകാര്യ വിശകലനത്തിൽ ഇൻസ്ട്രക്ടർമാർ, പഞ്ചായത്ത് കോ-ഓർഡിനേറ്റർമാർ എന്നിവരുടെ ഓണറേറിയം 10പേർക്ക് 1000രൂപ വീതം 4മാസത്തേയ്ക്ക് 40000രൂപയാണ് ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് എന്നാൽ ആസാദ് മെമ്മോറിയൽ LPS പ്രധാനാധ്യാപിക നടപ്പാക്കിയS118/16 -ംനമ്പർ അതുല്യം പ്രോജക്ടിനായി ബിൽ നം.6/31-3-16പ്രകാരം 53000രൂപ പിൻവലിച്ച് 12 ഇൻസ്ട്രക്ടർമാർക്ക് 48000 രൂപയും, ഒരു റിസോഴ്സ് പേഴ്സണ് 5000 രൂപയും ഓണറേറിയം ആയി നൽകി.ഈ ഇനത്തിൽ ആകെ ചെലവഴിക്കുവാനായി നിർദ്ദേശിച്ചിട്ടുള്ള 40000രൂപയ്ക്കുമേൽ വന്നിട്ടുള്ള 13000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. മാത്രമല്ല പാഠപുസ്തകം വാങ്ങൽ, പരിശീലനം, തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുമില്ല. ഇത് പ്രോജക്ട് നടത്തിപ്പിലെ അപാകതയായി കാണുന്നു.

## 3-5 രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ആസാദ് മെമ്മോറിയൽ LPS പ്രധാനാധ്യാപിക നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ പലതവണ ആവശ്യപ്പെട്ടിട്ടും ഹാജരാക്കാതിരിക്കുകയും തുടർന്ന് 19-12-16ന് വൈകിട്ട് 4മണിക്ക്ശേഷം പരിശോധിക്കുവാൻ അപര്യാപ്തമായ രീതിയിൽ ഹാജരാക്കുകയുമുണ്ടായി. യഥാസമയം രേഖകൾ ഹാജരാക്കാതിരിക്കുകയും തുടർന്ന് പരിശോധിക്കുവാൻ അപര്യാപ്തമായ രീതിയിൽ ഹാജരാക്കുകയും ചെയ്തതിനാൽ ഈ പ്രോജക്ടുകൾക്കുവന്നിട്ടുള്ള ചെലവ് തുക 199950രൂപ തടസ്സപ്പെടുത്തുന്നു.

1)അംഗീകൃത ഗ്രന്ഥശാല-വായനശാലകൾക്ക് പത്രവരിസംഖ്യ-പ്രോജക്ട് നം.S020/16 രൂ.100000 തനത് ഫണ്ട്

2)അംഗീകൃതക്ളബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് -പ്രോജക്ട് നം.S022/16 രൂ.49950തനത് ഫണ്ട്

3)കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വായനാ മൽസരം.-പ്രോജക്ട് നം.S104/16 രൂ.50000 തനത് ഫണ്ട്

## 3-6 പഞ്ചായത്ത് ലൈബ്രറി തുറന്ന് പ്രവർത്തിക്കുന്നില്ല

പഞ്ചായത്തോഫീസ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറി ദീർഘ നാളായി തുറന്ന് പ്രവർത്തിക്കുന്നില്ല. ലൈബ്രറിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടെങ്കിലും രേഖകൾ നൽകുകയോ ലൈബ്രറി തുറന്നു പ്രവർത്തിക്കാത്തതിന് വിശദീകരണം നല്കുകയോ ചെയ്തിട്ടില്ല. നിലവിൽ ലൈബ്രേറിയനായിരുന്ന വ്യക്തി പൊതു തെരഞ്ഞെടുപ്പിലൂടെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതുമൂലം ടി തസ്തിക ഇപ്പോഴും ഒഴിഞ്ഞു കിടക്കുകയാണ്.തന്മൂലം ലൈബ്രറി തുറന്നു പ്രവർത്തിക്കാത്ത സാഹചര്യമാണ്. പൊതുജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും വായനാശീലം വളർത്തുന്നതിനും സഹായകരമായി പ്രവർത്തിക്കേണ്ട ലൈബ്രറി ഇത്തരത്തിൽ അടഞ്ഞു കിടക്കുന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള

ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം ലൈബ്രറിയിലെ പുസ്തകങ്ങൾ ആർക്കും പ്രയോജനപ്പെടാതെ ഇരുന്ന് നശിക്കുന്നത് ഒട്ടും ആശാസ്യമല്ല. ആയതിനാൽ ലൈബ്രറി തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## **3-7** <u>നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്.</u>

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116-1.1 പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) <u>കല്ലുപുരയ്ക്കൽ നടപ്പാലം നിർമ്മാണം</u>

പ്രോജക്ട് നം. - 99/15

കൺവീനർ - സാബു. എം.എ

എഗ്രിമെന്റ് നമ്പർ - 35/AE/MUH/LSGD/14-15/24.12.14

അളവ് പുസ്തകം - 74/15-16

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തിയതി - 31.3.2015

വേല പൂർത്തിയാക്കിയ തിയതി - 15.3.2016

എഗ്രിമെന്റ് പ്രകാരം ഏറ്റെടുത്ത പ്രവർത്തി നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുവാനായി രേഖാമൂലം ആവശ്യപ്പെടുകയോ കാലയളവ് ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. തന്മൂലം കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116-1.1 പ്രകാരം ഓരോ ആഴ്ചത്തേയ്ക്കും 0.1% നിരക്കിൽ പരമാവധി 10% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. പ്രവർത്തി പൂർത്തീകരിക്കാൻ താമസം വരുത്തിയ കാലയളവ് (11മാസം 14ദിവസം ), 49 ആഴ്ച. 0.1% നിരക്കിൽ 4.9%, (34195 x 4.9%), 1678 രൂപ ഫൈൻ ഇനത്തിൽ കൺവീനറിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

എഗ്രീഡ് പി.എ.സി -- 34195

ബിൽ നമ്പർ– 70/15-16/31.3.16 -- 36247

## **3-8** <u>ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ ടാറിംഗ് വേലകൾ– ടാർ വില യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തിയില്ല.</u>

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ടാറിംഗ് പ്രവർത്തികൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവർത്തികൾക്ക് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത് ഡി.എസ്.ആർ പ്രകാരമുള്ള നിരക്കിലാണ്. എന്നാൽ ഗുണഭോക്തൃ സമിതികൾ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം ടാർ വില വളരെ കുറവാണെന്നിരിക്കെ, യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി, ടാർ വില കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

**1.** <u>വേലിക്കകം വലിയവീട് റോഡ് ടാറിംഗ്.</u>

പ്രോജക്ട്- 66/16

കൺവീനർ– വി.പി. പുരുഷോത്തമൻ

ഈ വേലയുടെ അളവ് പുസ്തകം 22/15-16 , പ്രകാരം 6,7,8 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ $615m^2$ ടാർ ചെയ്യതിന് $3.17kg/m^2$ നിരക്കിൽ ആകെ 1950kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം 50.60/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം ( SIDCO യുടെ 7.1.16ലെ 12343 നമ്പർ ബിൽ)ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 34.08രൂപമാത്രമേ വിലയാകുന്നുള്ളൂ. ഇതു പ്രകാരം ടാർ ഉൾപ്പടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ ( 50.60- 34.08), 16.52/kg x 1950kg = 32214 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 412399, ബിൽ നമ്പർ– 13/15-16/31.10.16 - 166768

ബിൽ നമ്പർ– 33/15-16/11.2.16 - 270376.

**2.** <u>പോലീസ് സ്റ്റേഷൻ ഊരാളി റോഡ് റീ ടാറിംഗ്</u>

പ്രോജക്ട്- 65/16

കൺവീനർ– സുനിൽ. എം.റ്റി

ഈ വേലയുടെ എസ്റ്റിമേറ്റ് പ്രകാരം 4,5,6 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ 795m2 റീ-ടാർ ചെയ്യതിന് 2.92kg/m2 നിരക്കിൽ ആകെ 2321.4kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം 50.60/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം ( SIDCO

യുടെ 16.1.16ലെ 12712 നമ്പർ ബിൽ) ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 32.091രൂപമാത്രമേ വിലയാകുന്നുള്ളൂ. ഇതു പ്രകാരം ടാർ ഉൾപ്പടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ ( 50.60- 32.091), 18.51/kg x 2321kg = 42962 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 363887, ബിൽ നമ്പർ– 48/15-16/29.3.16 - 363887

**3.** പോലീസ് സ്റ്റേഷൻ ഊരാളി റോഡ് റീ ടാറിംഗ് രണ്ടാം ഘട്ടം

പ്രോജക്ട്- 186/16

കൺവീനർ– സുനിൽ. എം.റ്റി

ഈ വേലയുടെ അളവ് പുസ്തകം 46/15-16പ്രകാരം 3,4,5 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ 495m2 റീ-ടാർ ചെയ്തതിന് 2.92kg/m2 നിരക്കിൽ ആകെ 1440.45kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം 50.60/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം ( SIDCO യുടെ 11.3.16ലെ 15819 നമ്പർ ബിൽ) ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 29.86രൂപമാത്രമേ വിലയാകുന്നുള്ളൂ. ഇതു പ്രകാരം ടാർ ഉൾപ്പടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ ( 50.60- 29.86), 20.74/kg x 1440.45kg = 29875 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 220000, ബിൽ നമ്പർ– 47/15-16/29.3.16 - 220000

**4.** പൂളിക്കൽ ചിറ കുപ്പിക്കാട് റോഡ് ടാറിംഗ്

പ്രോജക്ട്- 160/16

കൺവീനർ– വി.എ.റോയ്

ഈ വേലയുടെ എസ്റ്റിമേറ്റ് പ്രകാരം 8,9,10 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ 171m2 ടാർ ചെയ്തതിന് 3.17kg/m2 നിരക്കിൽ ആകെ 542kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം 50.60/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം ( SIDCO യുടെ 11.3.16ലെ 15820 നമ്പർ ബിൽ) ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 30.82രൂപമാത്രമേ വിലയാകുന്നുള്ളൂ. ഇതു പ്രകാരം ടാർ ഉൾപ്പടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ ( 50.60- 30.82), 19.78/kg x 542kg = 10721 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 198852, ഡി.ഡിനമ്പർ-97501/25.4.16 - 185664

ഡി.ഡിനമ്പർ-97502/25.4.16 - 1876

**5.** പൂളിക്കൽ ചിറ കുപ്പിക്കാട് റോഡ് ടാറിംഗ് രണ്ടാം ഘട്ടം

പ്രോജക്ട്- 56/16

കൺവീനർ– വി.എ.റോയ്

ഈ വേലയുടെ അളവ് പുസ്തകം 56/15-16 പ്രകാരം 8,9,10 ഇനങ്ങളിലായി ടാക്ക് കോട്ട്, സ്റ്റോൺ ചിപ്പിംഗ്, സീൽ കോട്ട് എന്നിങ്ങനെ 360m2 ടാർ ചെയ്തതിന് 3.17kg/m$^2$ നിരക്കിൽ ആകെ 1141kg. VG-10 ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന് ഡി.എസ്.ആർ പ്രകാരം 50.60/kg നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയ ബിൽ പ്രകാരം ( SIDCO യുടെ 11.3.16ലെ 15821 നമ്പർ ബിൽ) ബിറ്റുമിന് നികുതി ഉൾപ്പെടെ ഒരു കിലോ ഗ്രാമിന് 30.82രൂപമാത്രമേ വിലയാകുന്നുള്ളൂ. ഇതു പ്രകാരം ടാർ ഉൾപ്പടുന്നയിനത്തിന് ടാറിന്റെ യഥാർത്ഥ വിലയിൽ പരിമിതപ്പെടുത്തി അധിക വില കുറവ് ചെയ്യാതിരുന്നതുമൂലം ടാർ വിലയിനത്തിൽ ( 50.60- 30.82), 19.78/kg x 1141kg = 22569 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക കൺവീനറിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 198852, ബിൽ നമ്പർ–43/15-16/28.3.16 - 323892

ബിൽ നമ്പർ–42/15-16/28.3.16 - 74015

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.5/17-12-16) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ സമിതിയുടെ യഥാർത്ഥ ചെലവ് പരിഗണിച്ചാണ് തുക നൽകിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കിൽ പ്രസ്തുത വേലയ്ക്ക് ആവശ്യമായതിലും അധികം ടാർ വാങ്ങുകയും ആയതിന്റെ വില മുഴുവൻ ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

## 3-9 നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ

പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) -സി.എം.എസ്സ്- കറുപ്പശ്ശേരി റോഡ് ടാറിംഗ്

പ്രോജക്ട് നം. - 85/15

കരാറുകാരൻ - അനസ്സ് മജീദ് കൈതപ്പറമ്പ്

എഗ്രീഡ് പി.എ.സി - 314644/-

ബിൽ നം. 2/14-15/12.06.15

27.11.2014 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ചമയ്ക്കേണ്ട അവസാന തീയതി - 4.12.14

കരാർ ചമച്ച തീയതി - 16.12.14

പിഴ - 1% = 314644/- X 1% = 3146/- രൂപ. ടി . തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 അംഗൻവാടികൾക്കായി വാങ്ങിയ കളിഉപകരണങ്ങൾ സ്ഥാപിക്കാത്തതു സംബന്ധിച്ച്.

അംഗൻവാടികൾക്ക് കളിഉപകരണങ്ങൾ (പ്രോജക്ട്നം 35/2016) എന്ന പദ്ധതി പ്രകാരം ഡെൽറ്റ സിസ്റ്റംസ് ഉഴവൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഊഞ്ഞാലിന് 13,980 രൂപ നിരക്കിൽ 11 ഊഞ്ഞാൽ (double swing) വാങ്ങുന്നതിന് 1,53,780 രൂപ (ബിൽനം 12/2015-16/ 30.3.2016) ചെലവഴിച്ചിട്ടുണ്ട്. ഇവ 11 അംഗൻവാടികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് സമീപമുള്ള 32ാം നമ്പർ അംഗനവാടിയിയ്ക്ക് നൽകിയ ഊഞ്ഞാൽ സ്ഥലപരിമിതിമൂലം നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഊഞ്ഞാൽ അംഗനവാടിയുടെ വരാന്തയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതുമൂലം കുട്ടികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചിട്ടില്ല. സ്ഥലസൌകര്യമുള്ള മറ്റേതെങ്കിലും അംഗൻവാടിയ്ക്ക് ഇത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിക്കാതെ തിരിച്ചടച്ചു.

17.5.2012ൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 5,67,500രൂപയിൽ 07/.2015 വരെ 2,50,250/- രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിരുന്നത്. തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിനെ തുടർന്ന് ബാലൻസ് തുക പലിശ സഹിതം തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 30.8.2015ൽ കത്ത് നൽകിയതിനെ തുടർന്ന് പലിശ സഹിതം 3,57,581 രൂപ (പലിശ 40331 രൂപ) തിരിച്ചടക്കുകയുണ്ടായി. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. പഞ്ചായത്തിന്റെ സർവോന്മുഖമായ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 3-12 സർക്കാർ അനുമതിയില്ലാതെ ഭക്ഷണവിതരണം

ആസാദ് മൊമ്മോറിയൽ LPS കായിപ്പുറം പ്രധമാദ്ധ്യാപിക നിർവ്വഹണം നടത്തിയ സ്പോർസ് വിദ്യാർത്ഥികൾക്ക് പോഷകാഹാരം എന്ന പ്രോജക്ട് പ്രകാരം(പ്രോജക്ട് നം.S103/16) ABവിലാസം ഹയർ സെക്കന്ററി സ്കൂളിലെ സ്പോർട്സ് വിദ്യാർത്ഥികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി തനത് ഫണ്ടിൽനിന്നും 50000രൂപ പിൻവലിച്ച് AB വിലാസം ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമ അദ്ധ്യാപകനായ ശ്രീ.പ്രസന്നകമാറിനു നൽകി.ഇദ്ദേഹം ഈ തുക3-7-15 മുതൽ 30-11-15 വരെ സ്പോർട്സ് വിദ്യാർത്ഥികൾക്ക് പോഷകാഹാരം വിതരണം ചെയ്തു എന്ന് കാണിച്ച് SNV കാറ്ററിംഗിനു നൽകിയതായി ഫയലിൽ കാണുന്നു.പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1)സ്പോർട്സ് വിദ്യാർത്ഥികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി സർക്കാർ അനുമതിയില്ല.

2)ആരെല്ലാമാണ് സ്പോർട്സ് വിദ്യാർത്ഥികൾഎന്ന് ഫയലിൽ കാണിച്ചിട്ടില്ല.

3)ഇവർ ഏതെല്ലാം ഇനങ്ങളിലാണ് പങ്കെടുക്കുന്നതെന്നും ഏതെല്ലാം മൽസരങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്നും ഏതു സ്കൂളിൽ,ഏതു ക്ളാസിൽ പഠിക്കുന്നു എന്നുള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

4)ഇവർക്കെല്ലാം ഈ കാലയളവിൽ ഭക്ഷണം ലഭിച്ചിട്ടുണ്ടെന്നുള്ളതിനും രേഖകളൊന്നുമില്ല.

സർക്കാർ അനുമതിയില്ലാതെയും ആവശ്യമായ രേഖകൾ ഇല്ലാതെയും പ്രോജക്ട് നടപ്പാക്കിയതിനാൽ പ്രോജക്ടിനു ചെലവഴിച്ച 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 എസ്സ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം.122/16 എന്ന ഈപ്രോജക്ടിനായി ബിൽ നം.13/29-2-16 പ്രകാരം 379890 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 9 ലാപ് ടോപ്പുകൾക്കായി സ്മാർട്ട് ടെക്നോളജി എറണാകുളത്തിനു നൽകി.പ്രോജക്ട് നടത്തിപ്പിലെ പോരായ്മകൾ താഴെപറയുന്നു.

1)അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ 71പേർ ഉൾപ്പെട്ടിരുന്നു ഇവരിൽനിന്നും 8 പേരെ തെരഞ്ഞെടുക്കുകയും 22-1-16ലെ

പഞ്ചായത്തുകമ്മറ്റിയുടെ 1(3)തീരുമാനപ്രകാരം പൂജവെളിവീട്ടിൽ കുമാരി സ്വാതിമുരളിയെ ഉൾപ്പെടുത്തുകയുണ്ടായി.എസ്സ്.സി.പ്രമോട്ടർ വഴി അന്വേഷണം നടത്തിയപ്പോൾ പ്രോജക്ട് നടപ്പാക്കുന്നതിന് നിർദ്ദിഷ്ടയോഗ്യതയുള്ളവർ ഇല്ല എന്ന ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കുമാരി സ്വാതിമുരളിയെ ഉൾപ്പെടുത്തുകയുണ്ടായതെന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുക്കപ്പെടാത്ത ഒരാളെ പഞ്ചായത്തുകമ്മറ്റി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുവാൻതക്ക അടിയന്തിര സാഹചര്യം ഇല്ലാതിരിക്കെ ഇത്തരത്തിൽ ഒരു നടപടി സ്വീകരിച്ചത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2)പഠനകാലയളവ് തീർന്നതിനു ശേഷമാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭിച്ചിട്ടുള്ളത്.

a) ശീലക്ഷ്മി.എം.പാക്കൽവെളി Msc മാത് സ് 2013-15വർഷം

b) രാഖിമോൾ, BEd 2014-15 വർഷം

c) രഞ്ജു രാമചന്ദ്രൻ , എം.എ.ഇക്കണോമിക്സ് ഫൈനൽ ഇയർ

d) ഗിനീഷ് ഡിപ്ളോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് 5th & 6th സെമസ്റ്റർ

മുകളിൽ ചേർത്തിട്ടുള്ളവർക്ക് പഠനകാര്യത്തിൽ ലാപ്ടോപ്പ് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നുള്ളത് പ്രോജക്ട് നടത്തിപ്പിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-14 തെരുവ് വിളക്കുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നടത്തിപ്പ് കാര്യക്ഷമമല്ല.

തെരുവ് വിളക്കുകളുടെ വാങ്ങൽ ,പരിപാലനം, അറ്റകുറ്റപ്പണി തുടങ്ങിയവയുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകളാണ് 2015/16വർഷം നടപ്പാക്കിയത്.

1)പ്രോജക്ട് നം.S015/16 തെരുവ് വിളക്ക് വാങ്ങലും പരിപാലനവും

2)പ്രോജക്ട് നം.S111/16 തെരുവ് വിളക്ക് അറ്റകുറ്റപ്പണി.

1) പ്രോജക്ട് നം.S015/16 തെരുവ് വിളക്ക് വാങ്ങലും പരിപാലനവും എന്ന പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത് എൽ.ഇ.ഡി.വിളക്കുകളുടെ വാങ്ങലും പരിപാലനവും (കെൽട്രോണിൽ നിന്നും), എൽ.ഇ.ഡി.ഒഴികെയുള്ള വിളക്കുകളുടെ വാങ്ങലും പരിപാലനവും (യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്), എന്നിവയായിരുന്നു. ഇതിനായി ബിൽ നം.23/15-9-15പ്രകാരം94000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സി.എഫ്.എൽ ഫിറ്റിംഗ്സ് 100എണ്ണം, ബ്രാക്കറ്റ് 50എണ്ണംഎന്നിവ വാങ്ങിയതിന് 52500രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നും സി.എഫ്.എൽ 300എണ്ണം,അലുമിനിയം വയർ 10കോയിൽ എന്നിവയ്ക്ക് 41500രൂപ കെൽട്രോണിനും നൽകി.തുടർന്ന് ബിൽ നം.34/27-10-15പ്രകാരം800 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 2ഹുക്ക് അപ്പ് വയറിനും ബിൽ നം.35/27-10-15പ്രകാരം15398 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച്500 പെന്റന്റ് ഹോൾഡർ ,500റോട്ടർ ഹോൾഡർ 100 ഇൻസുലേഷൻ ടേപ്പ് എന്നിവ വാങ്ങിയതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ന് നൽകി. തെരുവ് വിളക്കുകളുടെ വിലയിൽ അവ സ്ഥാപിക്കുന്നതിനുള്ള ചെലവ് കൂടി ഉൾപ്പെട്ടിരുന്നുവെങ്കിലും വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതായി രേഖകളൊന്നും ഹാജരാക്കിയില്ല. മാത്രമല്ല ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ഇവ മിച്ചം ഉള്ളതായാണ് കാണിച്ചിട്ടുള്ളത്.

ഈപ്രോജക്ടിൽ പഴയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് തുക വകയിരുത്തിയിരുന്നില്ലെങ്കിലും ബിൽ നം.44/23-11-15,49 /23-1-16,68/30-3-16 എന്നിവ പ്രകാരം യഥാക്രമം 21530, 6110, 24910രൂപ വീതം ട്രഷറിയിൽ നിന്നും പിൻവലിച്ച് 277 CFL, 54ഡബിൾ ട്യൂബ് സെറ്റ്,9സിംഗിൾ ട്യൂബ് എന്നിവയുടെ അറ്റകുറ്റപണിക്ക് Vat 747രൂപ ,IT 498രൂപ എന്നിവ കിഴിച്ച് 49923രൂപ ശ്രീ.അജിത് എം.എസ്.നി നൽകി. മാത്രമല്ല ശ്രീ.അജിത് എം.എസ്.മായി 20-1-15ലെ 13/14-15നം കരാർ പ്രകാരം ഒരുവർഷത്തേക്കാണ് കരാർ വച്ചിരുന്നത് ആയതിനാൽ കരാർ കാലയളവിനു ശേഷം ചെലവ് വന്ന 31020രൂപ (6110+24910) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് പ്രോജക്ട് നടത്തിപ്പിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

2) പ്രോജക്ട് നം.S111/16 തെരുവ് വിളക്ക് അറ്റകുറ്റപ്പണി.എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 187 CFL,99 LED,81ഡബിൾ ട്യൂബ് സെറ്റ്,20സിംഗിൾ ട്യൂബ് എന്നിവ നന്നാക്കിയതിന് ചെക്ക് നം221/15-6-15(Rs.16810) ചെക്ക് നം1018/11-8-15 (Rs.20572), ചെക്ക് നം1800/14-9-15(Rs.10697) എന്നിവ പ്രകാരം 48079 രൂപ ശ്രീ.അജിത് എം.എസ്.ന് നൽകി

മുകളിൽ കാണിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകൾ പ്രകാരം മെയിന്റനൻസ് നടത്തിയിട്ടുള്ള തെരുവ് വിളക്കുകൾക്ക് മെയിന്റനൻസ് ആവശ്യമുണ്ടെന്ന് ആരും റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. മെയിന്റനൻസ് നടത്തിയിട്ടുള്ളതായി ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.മാത്രമല്ല 11-2-16ലെ BB/APPL/MHA/2016-17നം കത്തുപ്രകാരം മുഹമ്മ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത് പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്കുകൾ ഉപയോഗിക്കുന്നത് 407 CFL,170 ഡബിൾ ട്യൂബ് സെറ്റ്, 21 സോഡിയം വേപ്പർ ലാമ്പ് എന്നിവയാണ്.ഇതുകണക്കിലെടുത്താൽ ഒരു വർഷം മെയിന്റനൻസ് നടത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണവും ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തക്കേട് കാണുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-15 മരുന്നുകൾ പൂർണ്ണമായി വിതരണം ചെയ്യാത്തത് സംബന്ധിച്ച്

സാന്ത്വനം -- സൈക്യാട്രി (പ്രോജക്ട് നം163/2016) എന്ന പദ്ധതി പ്രകാരം മാനസിക വൈകല്യമുള്ളവരുടെ ചികിത്സയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ (ഡിഡി നം 766124/ 29.1.2016) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കാരുണ്യ ഫാർമസിയിൽ നിന്നും നാല് തവണയായി ആകെ 82,936 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന മരുന്നുകൾ യഥാസമയം ലഭ്യമാക്കി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-16 ആവശ്യമായരേഖകൾ ഇല്ലാതെ ആനുകൂല്യം വിതരണം ചെയ്തു

വെറ്റിനറി സർജൻ നടപ്പാക്കിയ കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ)(S028/16) എന്ന പ്രോജക്ടിനായി തനത് ഫണ്ട് ഒരു ലക്ഷം രൂപ പിൻവലിച്ച് കാലിത്തൊഴുത്ത് നിർമ്മാണത്തിനായി പത്ത് ഗുണഭോക്താക്കൾക്കായി 10000രൂപവീതം നൽകി. ഈ ഗുണഭോക്താക്കൾ ആരുംതന്നെ കന്നുകാലികളെ വളർത്തുന്നുണ്ടെന്നുള്ളതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.മാത്രമല്ല ഗുണഭോക്താക്കളിൽ ശ്രീമതി ഉഷാകുമാരി മുല്ലശ്ശേരിൽ എന്ന ഗുണഭോക്താവ് മാത്രമാണ് ക്ഷീരോത്പാദക സൊസൈറ്റികളിൽ പാൽ അളക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്(ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി-S043/16-എന്ന പ്രോജക്ടിനോടൊപ്പം ഹാജരാക്കിയ ക്ഷീരോത്പാദക സൊസൈറ്റികളിൽ നിന്നുള്ള രേഖ പ്രകാരം).ഒപ്പം ആനുകൂല്യം ലഭിച്ച പത്ത് ഗുണഭോക്താക്കളിൽ ശ്രീമതി.ഫിലോമിന മാത്യു പുതുപറമ്പിൽ എന്ന ഗുണഭോക്താവ് അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആളുമല്ല. മുകളിൽ പറഞ്ഞ അപാകതകൾ ഉള്ളതിനാൽ ചെലവ് തുക 90000 രൂപതടസ്സപ്പെടുത്തുന്നു.

## 3-17 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ

വിഇഒ മുഹമ്മ സർക്കിൾ നിർവ്വഹണം നടത്തിയ ഭവന പുനരുദ്ധാരണം ജനറൽ (പ്രോജക്ട്നം 53/2016), ഭിന്നശേഷിയുള്ളവർക്ക് ഭവന പുനരുദ്ധാരണം (പ്രോജക്ട്നം 54/2016) എന്നീ പദ്ധതികൾക്കായി യഥാക്രമം 5,85,000 1,63,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. അതുപോലെ വിഇഒ കായിപ്പുറം സർക്കിൾ നിർവ്വഹണം നടത്തിയ കക്കൂസ് നിർമ്മാണം ജനറൽ (പ്രോജക്ട്നം 114/2016, Spill Over), കക്കൂസ് നിർമ്മാണം ജനറൽ (പ്രോജക്ട്നം 68/2016) എന്നീ പദ്ധതികൾക്കായി യഥാക്രമം 12,76,000 രൂപയും, 74,800 രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ പ്രകാരമുള്ള തുക മാറി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൌണ്ടിൽ നിക്ഷേപിച്ചതിനുശേഷം ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകുകയാണ് ചെയ്യുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഒരു ബാങ്കിൽ അക്കൌണ്ടുള്ള പല ഗുണഭോക്താക്കളുടെ തുകകൾ ഒരുമിച്ച് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതായാണ് കാണുന്നത്. ആയതിനാൽ ഓരോ ഗുണഭോക്താവിന്റേയും പേരിൽ ക്രഡിറ്റ് ചെയ്യുന്ന തുക ഇനം തിരിച്ച് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചെലവുകളുടെ സാധുത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആനുകൂല്യം വ്യക്തിഗത ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടു എന്ന് ഉറപ്പ് വരുത്തുന്നതിനാവസ്യമായ രേഖകൾ ബാങ്കിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 അക്കൗണ്ട്സ് പരിശോധന - അപാകതകൾ

1. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | -- |
| ജില്ലാ പഞ്ചായത്ത് | 2015-16 | 100,000 | | 100000 | -- |

**4-3.** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കിന് പുതിയ ലൈൻ സ്ഥാപിക്കൽ | -- | 541380 | 541380 | -- |

**4-4.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-5.** വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ (സാ) നം. 747/2010 ത.സ്വ.ഭ.വ, 05.3.2010 | 72,00,000 | 3370702 | 1146457 | 975865 | 2224245 |
| | | 40,00,000 | 1896470 | 636920 | 200907 | 1259550 |
| ആകെ | | | | | | 3483795 |

**4-6.** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-7.** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39,934 രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2012-13 | 2-2(ii) | 9075 | പി.ഉഷസ്, വസന്തവിഹാർ | 11601101123/297.06.15 |
| 2013-14 | 2-2(iv) | 2925 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാമങ്ക്, മുഹമ്മ | 1150110535 / 2.5.15 |
| | | 7500 | കെ.എസ്.ഇ.ബി, മുഹമ്മ | 11501500004 / 9.7.15 |
| | | 5000 | എസ്.ഇ.ബി, ലി. നം.1300 | 11501100672 / 16.5.15 |
| | | 7150 | മുഹമ്മ ലൈം ഷെൽ കോ-സൊസൈറ്റി | 11501101746 / 4.9.15 |
| | | 5000 | ലെമൺട്രീ ലേക്ക് റിസോർട്ട് | 11501500003 / 10.6.15 |
| 2012-13 | 2-4 (5) | 2478 | പി.കെ.ബാബു, പെരുന്നീർ മംഗലം | 11501102271/ 27.10.15 |
| | 2-4 (8) | 173 | ജോസഫ്, അടയ്ക്കാശ്ശേരി | 11501101842/16.9.15 |
| | 2-4 (8) | 173 | -ടി- | 11501101843/16.9.15 |
| | 2-4 (8) | 460 | -ടി- | 11501101844/16.9.15 |
| ആകെ | | 39934 | | |

**4-8.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

**4-9.** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 36217393 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47996285 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 190103 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 339950 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 2918 | ഡോ.ജെ.ശ്രീകുമാർ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 3-4 | | 13000 | ജ്യോതികല, എച്ച്.എം.എൽ.പി.എസ് |
| 3-7 | | 1678 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(1) | | 32214 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(2) | | 42962 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(3) | | 29875 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(4) | | 10721 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(5) | | 22569 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 3146 | മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 6110 | ശ്രീ. രാധാകൃഷ്ണക്കുറുപ്പ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 24910 | ശ്രീമതി. എസ്. അംബിക, സെക്രട്ടറി |
| ആകെ | | 190103 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 199950 | ജ്യോതികല, എച്ച്.എം.എൽ.പി.എസ് |
| 3-12 | 50000 | ജ്യോതികല, എച്ച്.എം.എൽ.പി.എസ് |
| 3-16 | 90000 | ഡോ.രാജു.കെ.ജി, വെറ്ററിനറി സർജ്ജൻ |
| ആകെ | 339950 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അംബിക | സെക്രട്ടറി, മുഹമ്മ ഗ്രാമ പഞ്ചായത്ത് | നന്നകേരിൽ മുഹമ്മ പിഒ |
| ഡോ.ജെ.ശ്രീകുമാർ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം മുഹമ്മ ഗ്രാമ പഞ്ചായത്ത് | ശ്രീശൈലം കലവൂർ.പി.ഒ, ആലപ്പുഴ |
| ജ്യോതികല, എച്ച്.എം.എൽ.പി.എസ് | പ്രധാനാദ്ധ്യാപിക എൽ.പി.എസ് മുഹമ്മ | രജനി നിവാസ്, സി.എം.സി -14, ചേർത്തല ആലപ്പുഴ |
| മായാദേവി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മുഹമ്മ ഗ്രാമ പഞ്ചായത്ത് | സാഗർമഠം, എസ്.എൻ പുരം പി.ഒ, ചേർത്തല |
| രാധാകൃഷ്ണക്കുറുപ്പ്, സെക്രട്ടറി ഇൻ ചാർജ്ജ് | വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | ചന്ദ്രൻപറമ്പിൽ കണിച്ചുകുളങ്ങര പി ഒ, ആലപ്പുഴ |
| ഡോ.രാജു.കെ.ജി, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, മുഹമ്മ ഗ്രാമ പഞ്ചായത്ത് | കാർത്തിക, മുഹമ്മ.പി.ഒ, ആലപ്പുഴ |

**4-10.** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 199-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 02-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 03-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |

| | |
|---|---|
| 04-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 05-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |
| 06-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 07-08 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 08-09<br>10-11 | എൽ.എഫ്.എ.ജി-5/1577/ 13/16.5.14 |
| 11-12 | എൽ.എഫ്.എ.പി1/496/2014 / 04.07.14/05.09.14 |
| 12-13<br>13-14 | എൽ.എഫ്.എ.പി 1/130/15/ 21.4.2015/08.06.15 |
| 14-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/15.7.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി4-1524/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.
തീയതി.4/1/2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P4-1524

Kerala State Audit Department,

District Audit Office,Alappuzha.

Date:4/1/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muhamma Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Muhamma Gramapanchayat for the year 2015-16 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha